## പതിനാലാം കേരള നിയമസഭ

## പതിമൂന്നാംസമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4360 13/12/2018 ൽ മറുപടിക്ക്

**ശബരിമലയിൽ നിന്നുള്ള വരുമാനം കുറയാനുണ്ടായ സാഹചര്യം**

ചോദ്യം മറുപടി

ശ്രീ.കെ.മുരളീധരൻ
ശ്രീ.ഷാഫി പറമ്പിൽ
ശ്രീ.എം. വിൻസെന്റ്

കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | തിരുവിതാംകൂർ ദേവസ്വം ബോർഡിന് ശബരിമലയിൽ നിന്നുള്ള വരുമാനം കുറയാനുണ്ടായ സാഹചര്യം വിലയിരുത്താമോ; | (എ) | ശബരിമലയിൽ തീർത്ഥാടകരെന്ന പേരിൽ ഒരു കൂട്ടം സാമൂഹ്യ വിരുദ്ധരുടെ അക്രമാസക്തമായ പ്രതിഷേധ പ്രവർത്തനങ്ങളും ആചാര ലംഘനവും മൂലം മുൻ വർഷത്തെ അപേക്ഷിച്ച് ശബരിമലയിൽ തീർത്ഥാടകരുടെ എണ്ണത്തിൽ ആദ്യ ദിനങ്ങളിൽ കുറവ് ഉണ്ടായതിനാൽ വരുമാനത്തെ ബാധിച്ചിട്ടുണ്ട്. |
| (ബി) | ശബരിമലയിലെ വരുമാനത്തിൽ ഗണ്യമായ കുറവുണ്ടായ സാഹചര്യത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് സാമ്പത്തിക പ്രതിസന്ധിയിലാണോ; ജീവനക്കാരുടെ ശമ്പളവും പെൻഷനെയും സാമ്പത്തിക പ്രതിസന്ധി ബാധിക്കുന്ന സാഹചര്യമുണ്ടോ; | (ബി) | സാമ്പത്തിക പ്രതിസന്ധി ഒന്നും തന്നെയില്ലയെന്നും ജീവനക്കാരുടെ ശമ്പളമോ, പെൻഷനോ നൽകുന്നതിന് യാതൊരു തടസ്സവുമില്ലയെന്നും തിരുവിതാകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. |
| (സി) | ശബരിമലയിൽ പോലീസ് വിന്യാസം ഏർപ്പെടുത്തിയത് തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ വരുമാനത്തിൽ ഗണ്യമായ കുറവുണ്ടാകാനുള്ള ഒരു കാരണമല്ലേയെന്നറിയിക്കുമോ; | (സി) | അപ്രകാരം വിലയിരുത്തേണ്ട സാഹചര്യം ഇല്ല. |

| | | | |
|---|---|---|---|
| (ഡി) | ശബരിമലയിൽ പോലീസ് നിയന്ത്രണമേർപ്പെടുത്താൻ തിരുവിതാംകൂർ ദേവസ്വം ബോർഡ് സർക്കാരിനോട് അഭ്യർത്ഥിച്ചത് എന്തടിസ്ഥാനത്തിലായിരുന്നു എന്ന് വ്യക്തമാക്കുമോ? | (ഡി) | സമാധാനപൂർണ്ണമായ ദർശനവും ഭക്തർക്ക് സുരക്ഷയും ഒരുക്കേണ്ടത് സർക്കാരിന്റെ ബാദ്ധ്യതയാണ്. ഈയൊരു സാഹചര്യത്തിലാണ് ശബരിമലയിൽ പോലീസ് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ